# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

ഡിസംബർ

**DECEMBER** **25**



## ശബരിമല പത്രക്കുറിപ്പ്-4

ഫോൺ : 04735-202664

*www.sabarimala.kerala.gov.in*

*prdsabarimala2021@gmail.com*

## തങ്ക അങ്കി എത്തി;
## നാളെ (26) മണ്ഡലപൂജ നാളെ

ശരണംവിളികളുയർന്ന ഭക്തിനിർഭരമായ അന്തരീക്ഷത്തിൽ അയ്യപ്പന് ചാർത്താനുള്ള തങ്ക അങ്കി സന്നിധാനത്തെത്തി. പമ്പയിൽനിന്നും പെട്ടിയിലാക്കി അയ്യപ്പ സേവാസംഘം പ്രവർത്തകർ ചുമന്ന് എത്തിച്ച തങ്ക അങ്കി ക്ഷേത്രസന്നിധിയിൽ മേൽശാന്തി എൻ. പരമേശ്വരൻ നമ്പൂതിരിയും കണ്ഠര് മഹേഷ് മോഹനരും ഏറ്റുവാങ്ങി. തുടർന്ന് തങ്ക അങ്കി അയ്യപ്പ വിഗ്രഹത്തിൽ ചാർത്തി ദീപാരാധനയും നടന്നു. ദേവസ്വം വകുപ്പ് മന്ത്രി കെ. രാധാകൃഷ്ണൻ, സെക്രട്ടറി കെ.ആർ. ജ്യോതിലാൽ, തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് അഡ്വ. കെ. അനന്തഗോപൻ, മനോജ് ചരളേൽ, പി.എം. തങ്കപ്പൻ, ദേവസ്വം കമ്മിഷണർ ബി.എസ്. പ്രകാശ്, സെക്രട്ടറി എസ്. ഗായത്രി ദേവി തുടങ്ങിയവർ സന്നിഹിതരായിരുന്നു.

നാളെ പകൽ 11.50നും 1.15നും ഇടയ്ക്ക് മീനം രാശി മുഹൂർത്തത്തിലാണ് തങ്ക അങ്കി ചാർത്തി മണ്ഡലപൂജ നടക്കുന്നത്. അതോടെ 41 ദിവസം നീ മണ്ഡലകാല തീർത്ഥാടനത്തിന് സമാപനമാകും. തുടർന്ന് ചടങ്ങുകൾ പൂർത്തിയാക്കി നട അടയ്ക്കും. മകരവിളക്ക് തീർത്ഥാടനത്തിനായി 30ന് വൈകിട്ട് 5ന് വീ ും തുറക്കും.

എന്നാൽ തീർത്ഥാടകർക്ക് 31 മുതലേ ദർശനം അനുവദിക്കൂ.

ഇന്ന് ഉച്ചയോടെ പമ്പയിൽ എത്തിച്ചേർന്ന തങ്ക അങ്കി വൈകിട്ട് മൂന്ന് വരെ പമ്പാ ഗണപതി കോവിലിൽ ദർശനത്തിന് വച്ചശേഷമാണ് സന്നിധാനത്തേക്ക് കൊ  ുവന്നത്. വൈകുന്നേരം 5.30 ഓടെ തങ്ക അങ്കി സ്വീകരിക്കാൻ നിയോഗിക്കപ്പെട്ടവർ തിരുനടയിൽ എത്തി പ്രത്യേക ഹാരം അണിഞ്ഞ് ശരംകുത്തിയിലേക്ക് യാത്ര തിരിച്ചു.

ആറ് മണിയോടെ തങ്ക അങ്കി ഘോഷയാത്രയ്ക്ക് ശരംകുത്തിയിൽ വച്ച് ആചാരപൂർവ്വമുള്ള സ്വീകരണം നൽകുകയും തുടർന്ന് ക്ഷേത്രത്തിലേക്ക് ആനയിക്കുകയുമായിരുന്നു. സന്നിധാനത്തേക്ക് ആനയിച്ച ഘോഷയാത്ര പതിനെട്ടാംപടിയിൽ എത്തിയപ്പോൾ കൊടിമരത്തിനു മുന്നിലായി ദേവസ്വം ബോർഡ് പ്രസിഡന്റ് കെ. അനന്തഗോപൻ, അംഗങ്ങളായയ പി.എം. തങ്കപ്പൻ, മനോജ് ചരളേൽ എന്നിവരുടെ നേതൃത്വത്തിൽ സ്വീകരിച്ചു.

ആറന്മുള പാർത്ഥസാരഥി ക്ഷേത്രത്തിൽ പുറപ്പെട്ട തങ്ക അങ്കി ഘോഷയാത്രയ്ക്ക് 73 കേന്ദ്രങ്ങളിലാണ് സ്വീകരണം ഏർപ്പെടുത്തിയിരുന്നത്.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.